ഹരിതകേരളം മിഷൻ
കേരള സർക്കാർ

01.01.2019

പ്രസിദ്ധീകരണത്തിന്

# ഹരിതായനം: ഹരിതകേരളം മിഷൻ പ്രചാരണ വാഹനം ജനുവരി മൂന്നിന് യാത്ര തുടങ്ങും.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളും ആശയങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ഉൾപ്പെടുത്തി സജ്ജമാക്കിയ പ്രചാരണ വാഹനം- **ഹരിതായനം 2019** – സംസ്ഥാനത്ത് 2019 ജനുവരി 3 ന് യാത്ര തുടങ്ങും. കൊല്ലം ആസ്ഥാനമായുള്ള മിഡാസ് ക്രിയേറ്റീവ് സൊല്യൂഷന്റെ സഹകരണത്തോടെയാണ് പ്രചാരണ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് നിന്ന് വടക്കോട്ടും കാസർഗോഡ് നിന്ന് തെക്കോട്ടും യാത്രചെയ്യുന്ന രണ്ട് വാഹനങ്ങളാണ് സംസ്ഥാനമൊട്ടാകെ പ്രചാരണ പര്യടനം നടത്തുന്നത്. ഇരു വശത്തും ഡിജിറ്റൽ സ്ക്രീൻ ഘടിപ്പിച്ചിട്ടുള്ള വാഹനം പ്രധാന കവലകളിലും ജനം കൂടുന്ന സ്ഥലങ്ങളിലും സ്ഥാപനങ്ങൾക്കു മുന്നിലും എത്തി വീഡിയോ പ്രദർശനം നടത്തും. തിരുവനന്തപുരത്ത് കരകുളം പഞ്ചായത്ത് ജംഗ്ഷനിൽ 2019 ജനുവരി 3 വ്യാഴാഴ്ച  രാവിലെ 9.30 ന് നവകേരളം കർമ്മ പദ്ധതി ചീഫ് കോർഡിനേറ്റർ ശ്രീ.ചെറിയാൻ ഫിലിപ്പ് ഹരിതായനത്തിന്റെ ഫ്ളാഗ് ഓഫ് നിർവ്വഹിക്കും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ.ടി.എൻ സീമ അധ്യക്ഷയാകുന്ന ചടങ്ങിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ബി.ബിജു, കരകുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം.എസ് അനില, വൈസ് പ്രസിഡന്റ് ശ്രീ.പ്രമോദ് കുമാർ എന്നിവർ പങ്കെടുക്കും. കാസർഗോഡ് ജില്ലയിൽ നിന്നുള്ള വാഹനം കാസർഗോഡ് ടൗണിൽ ശ്രീ.എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഫ്ളാഗ് ഓഫ് ചെയ്യും. ഹരിതകേരളം മിഷനെക്കുറിച്ചും, ഹരിതപെരുമാറ്റച്ചട്ടം, ശുചിത്വ – മാലിന്യ സംസ്കരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച ഹരിതകർമ്മസേന, സുരക്ഷിത ഭക്ഷ്യോല്പാദനം, അധിക നെൽകൃഷി വ്യാപനം, ജലസംരക്ഷണ പ്രവർത്തനങ്ങൾ, പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുമുള്ള വീഡിയോകളും മറ്റ് ബോധവൽക്കരണ സന്ദേശങ്ങളുമാണ് ഹരിതായനത്തിലൂടെ പ്രദർശിപ്പിക്കുന്നത്. ഓരോ ജില്ലയിലും നാല് ദിവസം വീതമാണ് ഹരിതായനത്തിന്റെ പര്യടനം.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം–695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in